കെഎസ്എസ്പിഎ ശിൽപ്പശാല നടത്തി

മാള: സംസ്ഥാനത്തെ സർവീസ് പെൻഷൻകാരുടെ കഴിഞ്ഞ അഞ്ചു വർഷമായി തടഞ്ഞുവച്ച ക്ഷാമാശ്വാസ കുടിശിക അടിയന്തരമായി നൽകാൻ സർക്കാർ നടപടി സ്വീകരിക്കണമെന്ന് കേരള സ്റ്റേറ്റ് സർവീസ് പെൻഷനേഴ്സ് അസോസിയേഷൻ മാള ബ്ലോക്ക് ശിൽപ്പശാല ആവശ്യപ്പെട്ടു. 296 മാസത്തെ ക്ഷമാശ്വാസമാണ് ഇടതു സർക്കാർ അന്യായമായി കവർന്നെടുത്തത്. വിലക്കയറ്റം മൂലം നട്ടംതിരിയുന്ന ഈ അവസരത്തിൽ 2026 ജനുവരി മുതലുള്ള കുടിശിക തുകയും അടിയന്തരമായി അനുവദിക്കണം. സംസ്ഥാന വൈസ് പ്രസിഡന്റ് ടി.എം. കുഞ്ഞു മൊയ്തീൻ ഉദ്ഘാടനം ചെയ്തു. കെഎസ്എസ്പിഎ ബ്ലോക്ക് പ്രസിഡന്റ് എം,ബി, പ്രസാദ് അധ്യക്ഷനായി. സ്റ്റേറ്റ് കമ്മിറ്റി മെമ്പർ കെ.എം. റജീന, സ്റ്റേറ്റ് വനിത ഫോറം കമ്മിറ്റി മെമ്പർ കൊച്ചു ത്രേസ്യ മുരിങ്ങത്തേരി, ബ്ലോക്ക് കോൺഗ്രസ് പ്രസിഡന്റ് എൻ.എസ്. വിജയൻ, ജില്ലാ സെക്രട്ടറി വി.സി. ജോൺസൺ, സ്റ്റേറ്റ് കമ്മിറ്റി മെമ്പർ പ്രൊഫ. വി.എ. വർഗീസ്, വിൽസൺ മാമ്പിള്ളി, എം,പി, സിസിലി, അലികുഞ്ഞ് എം,എസ്, അനിത ജയരാജ്, കർണൽ സിങ് എന്നിവർ പങ്കെടുത്തു.

സംരംഭകത്വ ശിൽപ്പശാല

ഇരിങ്ങാലക്കുട : ഗവ. മോഡൽ ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിൽ നാഷണൽ സർവീസ് സ്കീമിന്റെ ആഭിമുഖ്യത്തിൽ സംരംഭകത്വ ശിൽപ്പശാല സംഘടിപ്പിച്ചു. പ്രിൻസിപ്പൽ എം.കെ. മുരളി ഉദ്ഘാടനം ചെയ്തു. അധ്യാപിക പി.എഫ്. സുജ ശിൽപ്പശാലയ്ക്ക് നേതൃത്വം നൽകി. സ്വന്തമായി ക്ലീനിങ് ഉത്പന്നങ്ങൾ എങ്ങനെ നിർമിക്കാമെന്നതിനെ കുറിച്ചുള്ള പരിശീലനം നൽകി. എൻഎസ്എസ് പ്രോഗ്രാം ഓഫിസർ എൻ.വി. വിനുകുമാർ, വൊളന്റിയർ ലീഡർ ടി.എസ്. അഞ്ചിൽ എന്നിവർ പങ്കെടുത്തു.

കരാർ നിയമനം

ചാവക്കാട്: മൃഗസംരക്ഷണ വകുപ്പിന് കീഴിൽ ചാവക്കാട് അനിമൽ ബർത്ത് കൺട്രോൾ സെന്ററിലേക്ക് വെറ്ററിനറി സർജൻ (1), ഡോഗ് കാച്ചർ വിത്ത് വാൻ (1), മൃഗപരിപാലകർ (4), ഓപ്പറേഷൻ തിയേറ്റർ സഹായി (1), ശുചീകരണ സഹായി (1) എന്നീ തസ്തികളിലേക്ക് കരാർ അടിസ്ഥാനത്തിൽ 89 ദിവസത്തേക്ക് ഉദ്യോഗാർഥികളെ നിയമിക്കുന്നു. താത്പര്യമുള്ളവർ ചാവക്കാട് മുനിസിപ്പാലിറ്റിയിൽ 29ന് രാവിലെ 10.30ന് നടക്കുന്ന ഇന്റർവ്യൂവിന് ബന്ധപ്പെട്ട രേഖകൾ സഹിതം നേരിട്ട് ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0487-2361216.

ഞാറ്റുവേല മഹോത്സവം

ഇരിങ്ങാലക്കുട: മുരിയാട് പഞ്ചായത്തും കൃഷിഭവൻ മുരിയാടും സംയുക്തമായി സംഘടിപ്പിക്കുന്ന ഞാറ്റുവേല മഹോത്സവം ആനന്ദപുരം ഇഎംഎസ് ഹാളിൽ ആരംഭിച്ചു. ഘോഷയാത്രയോടെ ആരംഭിച്ച ചടങ്ങുകൾ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ടി.ജി. ശങ്കരനാരായണൻ ഉദ്ഘാടനം ചെയ്തു. മുരിയാട് പഞ്ചായത്ത് പ്രസിഡന്റ് സരള വിക്രമൻ അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് മെമ്പർ ജോസ് ജെ. ചിറ്റിലപ്പിള്ളി ഉന്നത വിജയം നേടിയ പ്രതിഭകളെ ആദരിച്ചു. കവി സി. രാവുണ്ണി മുഖ്യാതിഥിയായി. വിവിധ തരം സ്റ്റാളുകൾ ഞാറ്റുവേല മഹോത്സവതോടനുബന്ധിച്ചു സജ്ജീകരിച്ചിട്ടുണ്ട്.

ഇരിങ്ങാലക്കുട: കേരള ജൈവകർഷക സമിതി മുകുന്ദപുരം താലൂക്ക് കമ്മിറ്റിയുടെ നേതൃത്വത്തിൽ ബസ് സ്റ്റാൻഡ് പരിസരത്ത് സംഘടിപ്പിച്ച തിരുവാതിര ഞാറ്റുവേല ഉത്സവം നഗരസഭ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ പ്രവീൺസ് ഞാറ്റുവെട്ടി ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് എം.സി. നിഷ അധ്യക്ഷത വഹിച്ചു. സംസ്ഥാന പ്രസിഡന്റ് സി.എസ്. ഷാജി, ഒ.ജെ. ഫ്രാൻസിസ്, സന്തോഷ്, ശശിധരൻ, ബാബു, രാജു കുണ്ടൂർ, ജെയിംസ് എന്നിവർ പങ്കെടുത്തു. കർഷകർക്കും പൊതുജനങ്ങൾക്കും നാടൻ ഫലവൃക്ഷതൈകളും പച്ചക്കറി തൈകളും സൗജന്യമായി വിതരണം ചെയ്തു.

ഗുരുവായൂരപ്പന് വഴിപാടായി സ്വർണക്കിരീടം

തിരുപ്പൂർ സ്വദേശി രാജൻ പി. നായർ ഗുരുവായൂരപ്പന് വഴിപാടായി സ്വർണക്കിരീടം സമർപ്പിക്കുന്നു

ഗുരുവായൂർ: ശ്രീ ഗുരുവായൂരപ്പന് വഴിപാടായി സ്വർണക്കിരീടം വഴിപാടായി സമർപ്പിച്ചു. തിരുപ്പൂരിൽ വ്യവസായിയായ രാജൻ പി. നായരാണ് 37 പവനോളം (299.9 ഗ്രാം) തൂക്കം വരുന്ന കല്ലുകൾ പതിച്ച സ്വർണക്കിരീടം ഇന്നലെ രാവിലെ ഭഗവാന് സമർപ്പിച്ചത്. ദേവസ്വം ഭരണസമിതി അംഗം സി. മനോജ്, ക്ഷേത്രം ഡെപ്യൂട്ടി അഡ്മിനിസ്ട്രേറ്റർ എം. രാധ, അസി. മാനെജർ എം. ഹരിദാസ്, വഴിപാടുകാരനായ രാജൻ പി. നായരുടെ കുടുംബാംഗങ്ങൾ എന്നിവർ പങ്കെടുത്തു. സോപാനപ്പടിയിൽ സമർപ്പിച്ച സ്വർണക്കിരീടം ചാർത്തിയായിരുന്നു ഇന്നലെ ഭഗവാന് ഉച്ചപൂജ. വഴിപാടുകാരനും കുടുംബത്തിനും കളഭവും തിരുമുടി മാലയും പഴവും പഞ്ചസാരയുമടങ്ങുന്ന ശ്രീ ഗുരുവായൂരപ്പന്റെ പ്രസാദങ്ങൾ നൽകി. മിഥുനമാസത്തിലെ മുപ്പട്ട് വ്യാഴാഴ്ചയായ 18നും ഗുരുവായൂരപ്പന് സ്വർണക്കിരീടം വഴിപാടായി ലഭിച്ചിരുന്നു.

കിഴക്കൻ മലയോര മേഖലയിൽ ചികിത്സാ സൗകര്യം ഏർപ്പെടുത്തണം

ചാലക്കുടി: കിഴക്കൻ മലയോര മേഖലയിൽ മതിയായ ചികിത്സാ സൗകര്യം ഏർപ്പെടുത്തണമെന്നാവശ്യം ശക്തമാവുന്നു. 91 ചതുരശ്ര കീമീ വിസ്തീർണവും 45,000ന് മുകളിൽ ജനസംഖ്യയുമുള്ള കോടശേരി പഞ്ചായത്തിന്റെ കിഴക്കൻ മലയോരമേഖലയിൽ ചികിത്സ സൗകര്യം ഏർപ്പെടുത്തണമെന്ന നാട്ടുകാരുടെ ദീർഘകാലാവശ്യം ജലരേഖയായിരിക്കുകയാണ്.

11 വാർഡുകളിലെ ജനങ്ങൾക്ക് ഉപകാരപ്പെടും വിധം കുണ്ടുകുഴിപ്പാടം ഹെൽത്ത് സബ് സെന്ററിൽ ഡോക്റ്ററെ പ്രത്യേകമായി നിയമിച്ച് സേവനം ലഭ്യമാക്കണമെന്നാണ് നാട്ടുകാർ ഉന്നയിക്കുന്ന ആവശ്യം. പഞ്ചായത്തിലെ ഏക പ്രാഥമികാരോഗ്യകേന്ദ്രം ചാലക്കുടി മുനിസിപ്പാലിറ്റിയോട് ചേർന്ന് കിടക്കുന്ന എലിഞ്ഞിപ്രയിലാണ് (ചൗക്ക) സ്ഥിതി ചെയ്യുന്നത്. ഇത് ചാലക്കുടി താലൂക്ക് ആശുപത്രിയുടെ സമീപത്താണ്.

പഞ്ചായത്തിന്റെ കിഴക്കേ അറ്റത്തുള്ള വാരൻകുഴി, മരുതുകുഴി, രണ്ടുകൈ, ചൂളക്കടവ് മുതലായ പ്രദേശങ്ങളിൽ നിന്ന് ചൗക്ക ആശുപത്രിയിൽ എത്തുന്നതിന് 20കീമീ ദൂരത്തിലധികം സഞ്ചരിക്കേണ്ടി വരുന്നത് രോഗികളെ വളരെയധികം ബുദ്ധിമുട്ടിക്കുന്നുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് ഈ ആവശ്യം നാട്ടുകാർ ഉന്നയിച്ചിരുന്നുവെങ്കിലും നടപ്പായില്ല. പുതിയ സർക്കാരിൽ പ്രതീക്ഷ അർപ്പിച്ച് കുണ്ടുകുഴിപ്പാടം ഹെൽത്ത് സെന്ററിൽ ഡോക്റ്ററുടെ സേവനം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കണമെന്നാണ് നാട്ടുകാരുടെ ആവശ്യം. ഇതുമായി ബന്ധപ്പെട്ട അധികൃതർക്ക് നിവേദനങ്ങൾ നൽകി.

ജില്ലയിലെ മൂന്ന് ആരോഗ്യ സ്ഥാപനങ്ങൾ ദേശീയ അംഗീകാരത്തിന്റെ നിറവിൽ

തൃശൂർ മെഡിക്കൽ കോളെജ് ആശുപത്രി, ഇരിങ്ങാലക്കുട ജനറൽ ആശുപത്രി, പരിയാരം കുടുംബാരോഗ്യ കേന്ദ്രം

തൃശൂർ: ജില്ലയിലെ മൂന്ന് ആരോഗ്യ സ്ഥാപനങ്ങൾക്ക് ദേശീയ ഗുണനിലവാര അംഗീകാരം ലഭിച്ചു. ഗർഭിണികൾക്കുള്ള ഓപ്പറേഷൻ തീയേറ്ററിന്റെയും ലേബർറൂമിന്റെയും ഉയർന്ന നിലവാരത്തിനുള്ള ലക്ഷ്യ, നവജാത ശിശുക്കളുടെയും കുട്ടികളുടെയും പരിചരണ വിഭാഗങ്ങളുടെ മികവിനുള്ള മുസ്കാൻ എന്നീ സർട്ടിഫിക്കേഷനുകളും നാഷണൽ ക്വാളിറ്റി അഷുറൻസ് സ്റ്റാന്റേർഡ്സ് (എൻക്യുഎഎസ്) അംഗീകാരവുമാണ് ലഭിച്ചത്. ഇരിങ്ങാലക്കുട ജനറൽ ആശുപത്രിക്ക് ലക്ഷ്യ, മുസ്കാൻ സർട്ടിഫിക്കേഷനുകൾ ലഭിച്ചു. തൃശൂർ മെഡിക്കൽ കോളെജ് ആശുപത്രിക്ക് മുസ്കാൻ സർട്ടിഫിക്കേഷനും ലഭിച്ചു.

ഇതോടെ ജില്ലയിൽ സ്പെഷ്യൽ ന്യൂ ബോൺ കെയർ യൂണിറ്റുള്ള മുഴുവൻ ആശുപത്രികളും മുസ്കാൻ സർട്ടിഫിക്കേഷൻ നേടി 100 ശതമാനം പൂർത്തീകരിച്ചു എന്ന നേട്ടവുമുണ്ട്. പരിയാരം കുടുംബാരോഗ്യ കേന്ദ്രം എൻക്യുഎഎസ് അംഗീകാരം നേടി. ഇരിങ്ങാലക്കുട ജനറൽ ആശുപത്രി മുസ്കാൻ ആൻഡ് ലക്ഷ്യ സർട്ടിഫിക്കേഷനുകൾ (സ്കോർ 97.73 ശതമാനം-പ്ലാറ്റിനം ബാഡ്ജ്). തൃശൂർ ഗവ. മെഡിക്കൽ കോളെജ് മുസ്കാൻ സർട്ടിഫിക്കേഷൻ (സ്കോർ 89.57 ശതമാനം). പരിയാരം കുടുംബാരോഗ്യ കേന്ദ്രം -എൻക്യുഎഎസ് അംഗീകാരം (സ്കോർ 96.48 ശതമാനം). സംസ്ഥാനത്തെ മാതൃ-ശിശു മരണനിരക്ക് കുറയ്ക്കുക, ഗർഭിണികൾക്കും നവജാതശിശുക്കൾക്കും സർക്കാർ ആശുപത്രികളിലെ പ്രസവകേന്ദ്രങ്ങളിൽ മികച്ച പരിചരണം ഉറപ്പാക്കുന്നതിനുള്ള ഗുണനിലവാര മാനദണ്ഡമാണ് ലക്ഷ്യ അക്രഡിറ്റേഷൻ പ്രോഗ്രാം. സുരക്ഷിതവും മാന്യവുമായ പ്രസവ പരിചരണം, അണുബാധ നിയന്ത്രണം, പ്രസവാനന്തര ശുശ്രൂഷ, ലേബർറൂമുകളുടെയും ഗർഭിണികൾക്കുള്ള ഓപ്പറേഷൻ തിയറ്ററുകളുടെയും ഗുണനിലവാരം മെച്ചപ്പെടുത്തുക എന്നിവയാണ് ലക്ഷ്യ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്.

സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളെജുകൾ, ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കുന്നു. നവജാത ശിശുക്കളുടെയും കുട്ടികളുടെയും രോഗാവസ്ഥയും മരണനിരക്കും കുറയ്ക്കുന്നതിനും ജനനം മുതൽ 12 വയസ് വരെയുള്ള കുട്ടികൾക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങളിൽ ഗുണനിലവാരമുള്ള ശിശു സൗഹൃദ സേവനങ്ങൾ ഉറപ്പാക്കുകയും ചെയ്യുന്നതിനുമാണ് മുസ്കാൻ പദ്ധതിയുടെ ലക്ഷ്യം. എൻക്യുഎഎസ്, മുസ്കാൻ, ലക്ഷ്യ അംഗീകാരങ്ങൾക്ക് മൂന്ന് വർഷത്തെ കാലാവധിയാണുള്ളത്. മൂന്ന് വർഷത്തിന് ശേഷം ദേശീയ സംഘത്തിന്റെ പുനഃപരിശോധന നടക്കും. കൂടാതെ വർഷാവർഷം സംസ്ഥാനതല പരിശോധനയുമുണ്ടാകും. എൻക്യുഎഎസ് അംഗീകാരം ലഭിക്കുന്ന കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കും നഗര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾക്കും 2 ലക്ഷം രൂപ വീതവും ജനകീയ ആരോഗ്യ കേന്ദ്രങ്ങൾക്ക് ഒരു പാക്കേജിന് 18,000 രൂപ വീതവും മറ്റ് ആശുപത്രികൾക്ക് ഒരു കിടക്കയ്ക്ക് 10,000 രൂപയും വാർഷിക ഇൻസെന്റീവ് ലഭിക്കും.

കാപ്പ ഉത്തരവ് ലംഘിച്ച പ്രതി അറസ്റ്റിൽ

മുഹമ്മദ് ഷാഫി

കൊടുങ്ങല്ലൂർ: കാപ്പ നിയമ പ്രകാരമുള്ള വിലക്ക് ലംഘിച്ച് ജില്ലയിൽ പ്രവേശിച്ച എറിയാട് ചന്ത സ്വദേശി പള്ളിപറമ്പിൽ വീട്ടിൽ മുഹമ്മദ് ഷാഫിയെ (30) റൂറൽ ജില്ലാ പൊലീസ് മേധാവി മുഹമ്മദ് നദീമിന്റെ നിർദേശപ്രകാരം പ്രത്യേക അന്വേഷണ സംഘം അറസ്റ്റ് ചെയ്തു. ജില്ലയിൽ പ്രവേശിക്കുന്നതിന് വിലക്ക് നിലനിൽക്കെ ഇത് ലംഘിച്ച് 25ന് രാത്രി 8.15ന് കൊടുങ്ങല്ലൂർ പൊലീസ് സ്റ്റേഷൻ പരിധിയിലെ അഴിക്കോട് ജെട്ടി എന്ന സ്ഥലത്ത് പ്രവേശിച്ചതിനാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. നടപടിക്രമങ്ങൾക്കു ശേഷം പ്രതിയെ കോടതിയിൽ ഹാജരാക്കും. മുഹമ്മദ് ഷാഫി മൂന്ന് വധശ്രമക്കേസിലും പൊലീസ് ഉദ്യോഗസ്ഥരുടെ കൃത്യ നിർവഹണം തടസപ്പെടുത്തിയ കേസിലുമടക്കം പത്ത് ക്രിമിനൽ കേസുകളിൽ പ്രതിയാണ്. കൊടുങ്ങല്ലൂർ സ്റ്റേഷൻ ഇൻസ്പെക്റ്റർ പി.ടി. ബിജോയ്, ജിഎസ്ഐ സി.എസ്. ജോഷി, സിപിഒ അബീഷ് എന്നിവർ ചേർന്നാണ് പ്രതിയെ പിടികൂടിയത്.

സ്കൂൾ വിദ്യാർഥിയെ ബസിൽ നിന്ന് കണ്ടക്റ്റർ തള്ളിയിട്ടു

ചാവക്കാട്: സ്കൂൾ വിട്ട് വീട്ടിലേക്ക് മടങ്ങുന്നതിന് ബസിൽ കയറുകയായിരുന്ന വിദ്യാർഥിയെ കണ്ടക്റ്റർ തള്ളിയിട്ടതായി പരാതി. ചാവക്കാട് ബസ് സ്റ്റാൻഡിൽ നിന്ന് ബസിൽ കയറുന്നതിനിടെയാണ് സംഭവം. സെന്റ് ആന്റണി ബസിലെ കണ്ടക്റ്ററാണ് കുട്ടിയെ തള്ളിമാറ്റിയത്. ഇതേ തുടർന്ന് റോഡിലേക്ക് വീണ് കുട്ടികയുടെ കാലിന് പരുക്കേറ്റതായി പരാതിയിൽ പറയുന്നു. ചാവക്കാട് എംആർആർ രാമൻ മെമ്മോറിയൽ സ്കൂളിലെ എട്ടാം ക്ലാസ് വിദ്യാർഥിയായ മുഹമ്മദ് ജസീമിനാണ് പരുക്കേറ്റത്. ഒരുമനയൂർ അറക്കൽ വീട്ടിൽ സഫീർ-റഷീദ ദമ്പതികളുടെ മകനാണ് മുഹമ്മദ് ജസീം. പരുക്കേറ്റ വിദ്യാർഥിയെ ചികിത്സയ്ക്കായി ആശുപത്രിയിൽ പ്രവേശിപ്പിച്ചു. സംഭവത്തിൽ അധികൃതർ അന്വേഷണം നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് രക്ഷിതാക്കളും നാട്ടുകാരും ആവശ്യപ്പെട്ടു.

കേരളത്തെ മദ്യത്തിൽ മുക്കിയത് എൽഡിഎഫ് സർക്കാർ: മന്ത്രി ജനീഷ്

തൃശൂർ: കേരളത്തെ മദ്യത്തിൽ മുക്കിക്കൊല്ലുന്ന നയം എൽഡിഎഫ് സർക്കാരിന്റെ സംഭാവനയാണെന്ന് മന്ത്രി ഒ.ജെ. ജനീഷ്. മാധ്യമ പ്രവർത്തകരുടെ ചോദ്യങ്ങൾക്ക് മറുപടി പറയുകയായിരുന്നു അദ്ദേഹം. പത്ത് വർഷം കൊണ്ട് കേരളത്തിലെ ബാറുകളുടെ എണ്ണം 29ൽ നിന്ന് 884 ൽ എത്തിച്ചത് എൽഡിഎഫ് ആണെന്ന് എല്ലാവർക്കുമറിയാം. ഈ സർക്കാരിന്റെ മദ്യനയം യുഡിഎഫിൽ ചർച്ച ചെയ്ത് പ്രഖ്യാപിക്കുമെന്ന് മുഖ്യമന്ത്രി നിയമസഭയിൽ പറഞ്ഞിട്ടുണ്ട്. വീര്യം കുറഞ്ഞ മദ്യത്തിന് നികുതി കുറയ്ക്കണമെന്ന ആദ്യ കത്ത് പോലും നൽകിയത് സിപിഎം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ എക്സൈസ് മന്ത്രിയായിരുന്നപ്പോഴാണ്.

2021ൽ തുടങ്ങിയ പ്രക്രിയയുടെ ഭാഗമായാണ് കേരളത്തിൽ വിദേശ മദ്യത്തിന്റെ നികുതി കുറഞ്ഞു കൊണ്ടിരിക്കുന്നത്. യുഡിഎഫ് സർക്കാരിന്റെ മദ്യനയം പ്രഖ്യാപിക്കപ്പെട്ടിട്ടില്ല. നികുതിയുടെ പ്രൊപ്പോസൽ മാത്രമാണ് വന്നത്. യുഡിഎഫ് ആലോചിച്ചു നടപ്പിലാക്കേണ്ടതാണെങ്കിൽ നടപ്പിലാക്കും. നടപ്പിലാക്കേണ്ടതല്ലെങ്കിൽ നടപ്പിലാക്കില്ലെന്നും മുഖ്യമന്ത്രി തന്നെ വ്യക്തമാക്കിയതാണ്. യുഡിഎഫിലും പാർട്ടിയിലും ഇത് സംബന്ധിച്ച ചർച്ചകൾ നടക്കും. അതിന് ശേഷമായിരിക്കും അന്തിമ തീരുമാനത്തിൽ എത്തുകയെന്നും മന്ത്രി പറഞ്ഞു.

ക്ഷേത്രത്തിൽ മോഷണം

ഗുരുവായൂർ: പേരകം വാഴപ്പള്ളി മരയ്ക്കാത്ത് ശ്രീഭദ്രകാളി ക്ഷേത്രത്തിൽ നിന്ന് 6 ലക്ഷം രൂപയുടെ സ്വർണാഭരണങ്ങളും വെള്ളിയും കവർന്നു. ഒരു പവന്റെ ലോക്കറ്റും താലിയും പൊട്ടും അടങ്ങുന്ന സ്വർണാഭരണങ്ങൾ വെള്ളിയുടെ രണ്ട് പ്രഭാമണ്ഡലങ്ങൾ, ഒരു വെള്ളി വാൾ എന്നിവയാണ് മോഷണം പോയത്. നിരീക്ഷണ ക്യാമറയിൽ പതിഞ്ഞ മോഷ്ടാവിന്റെ ദൃശ്യങ്ങൾ കേന്ദ്രീകരിച്ച് പൊലീസ് അന്വേഷണം ഊർജിതപ്പെടുത്തി.

കുറുനരിയുടെ ആക്രമണത്തിൽ എട്ടുപേർക്ക് പരുക്ക്

പാവറട്ടി: മരുതയൂരിൽ കുറുനരിയുടെ ആക്രമണത്തിൽ എട്ടു പേർക്ക് പരിക്കേറ്റു. പ്രദേശവാസികളായ തോഞ്ചൻ വീട്ടിൽ ശോഭന (60), വടാശേരി രമണി (70), ചുങ്കൻ വീട്ടിൽ തങ്കമണി (60), അമ്പാടി സുമതി, കരിമ്പുള്ളി രമ (55), അമ്പാടി അനിൽ (50), രണ്ട് അന്യസംസ്ഥാന തൊഴിലാളികൾ എന്നിവർക്കാണ് ആക്രമണത്തിൽ പരുക്കേറ്റത്. ആദ്യം മുല്ലശേരി ബ്ലോക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ച ഇവരെ വിദഗ്ധ ചികിത്സയ്ക്കായി തൃശൂർ മെഡിക്കൽ കോളെജ് ആശുപത്രിയിലേക്ക് മാറ്റി. പ്രദേശത്തെ വളർത്തു മൃഗങ്ങളെയും കുറുനരി ആക്രമിച്ചു. നാല് പശുക്കൾക്കും ഒരു നായയ്ക്കും ആക്രമണത്തിൽ പരുക്കേറ്റതായി നാട്ടുകാർ അറിയിച്ചു. സംഭവമറിഞ്ഞ് ഒന്നാം വാർഡ് മെമ്പർ സരിത രാജീവ്, മുല്ലശേരി ബ്ലോക്ക് പഞ്ചായത്ത് വികസന സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ എം.കെ. അനിൽകുമാർ എന്നിവർ സ്ഥലത്തെത്തി സ്ഥിതിഗതികൾ വിലയിരുത്തി.

തൃശൂർ കോർപ്പറേഷന്റെ നേതൃത്വത്തിൽ നടത്തിയ ബോധവത്കരണ റാലി മന്ത്രി ഒ.ജെ. ജനീഷ് ഫ്ലാഗ് ഓഫ് ചെയ്യുന്നു

അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനാചരണം

തൃശൂർ: അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് കോർപ്പറേഷന്റെ നേതൃത്വത്തിൽ ബോധവത്കരണ റാലി സംഘടിപ്പിച്ചു. മന്ത്രി ഒ.ജെ. ജനീഷ് ഫ്ലാഗ് ഓഫ് ചെയ്തു. മേയർ ഡോ. നിജി ജസ്റ്റിൻ അധ്യക്ഷത വഹിച്ചു. ഡെപ്യൂട്ടി മേയർ എ. പ്രസാദ്, ജില്ലാ കലക്റ്റർ ശിഖ സുരേന്ദ്രൻ, സിറ്റി പൊലീസ് കമ്മിഷണർ നഗുൽ ആർ ദേശ്മുഖ്, എക്സൈസ് ഡെപ്യൂട്ടി കമ്മിഷണർ സജീവ് കുമാർ, ഡെപ്യൂട്ടി ഡയറക്റ്റർ ഓഫ് എജുക്കേഷൻ രോഹിത് നന്ദകുമാർ, കോർപ്പറേഷൻ സ്ഥിരം സമിതി അധ്യക്ഷന്മാർ തുടങ്ങിയവർ പങ്കെടുത്തു.

ഇരിങ്ങാലക്കുട: സെന്റ് തോമസ് കത്തീഡ്രൽ കെസിബിസി മദ്യലഹരി വിരുദ്ധ സമിതിയുടെ ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനം ആചരിച്ചു. രൂപതാ പ്രസിഡന്റ് കെ.എഫ്. ബാബു ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്റ്റർ ഫാ. ജോഷി കല്ലേലി അധ്യക്ഷത വഹിച്ചു.

ഇരിങ്ങാലക്കുട : ലോക ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് ഇരിങ്ങാലക്കുട പൊലീസും ജനറൽ ആശുപത്രിയും എൻഎസ്എസ്, എസ്പിസി കേഡറ്റുകളും സംയുക്തമായി റാലി സംഘടിപ്പിച്ചു. അഡ്വ. തോമസ് ഉണ്ണിയാടൻ എംഎൽഎ ഉദ്ഘാടനം ചെയ്തു. റൂറൽ ജില്ലാ പൊലീസ് മേധാവി മുഖ്യാതിഥിയായി. തൃശൂർ റൂറൽ അഡീഷണൽ എസ്പി വി.എ. കൃഷ്ണദാസ്, ഇരിങ്ങാലക്കുട ഡിവൈഎസ്പി എം. സന്തോഷ്കുമാർ, എസ്എച്ച്ഒ ടി. ദിലീഷ് തുടങ്ങിയവർ പങ്കെടുത്തു.

വടക്കാഞ്ചേരി: 'ഓപ്പറേഷൻ തൂഫാന്റെ' ഭാഗമായി വടക്കാഞ്ചേരി പൊലീസിന്റെ നേതൃത്വത്തിൽ അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനാചരണം സംഘടിപ്പിച്ചു. പ്രസ് ക്ലബിനു മുൻവശത്ത് സംഘടിപ്പിച്ച ദിനാചരണം സേവ്യർ ചിറ്റിലപ്പിള്ളി എംഎൽഎ ഉദ്ഘാടനം ചെയ്തു. കുന്നംകുളം അസി. പൊലീസ് കമ്മിഷണർ എൻ. മുരളീധരൻ അധ്യക്ഷത വഹിച്ചു. നഗരസഭാ ചെയർപേഴ്സൺ മിനി അരവിന്ദൻ മുഖ്യാതിഥിയായി. ലഹരി വിരുദ്ധപ്രതിജ്ഞ എംഎൽഎ ചൊല്ലിക്കൊടുത്തു. 'ലോക' സിനിമയിലെ ബാലതാരം ദുർഗയെ ആദരിച്ചു

കൊരട്ടി: ലോക ലഹരി വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി ലഹരി ഉപയോഗവു പ്രത്യാഘാതങ്ങളും നിയമങ്ങളും വിഷയത്തിൽ കൊരട്ടി എംഎംഎച്ച്എസ് സ്കൂൾ എസ്പിസിയുടെ നേതൃത്വത്തിൽ ലഹരി വിരുദ്ധ സെമിനാർ സംഘടിപ്പിച്ചു. അഡ്വ. കെ.ആർ. സുമേഷ് ഉദ്ഘാടനം ചെയ്തു. സ്കൂൾ പിടിഎ പ്രസിഡന്റ് സി.കെ. രാംദാസ് അധ്യക്ഷത വഹിച്ചു. കൊരട്ടി പൊലീസ് സബ് ഇൻസ്പെക്റ്റർ ജി. അരുൺകുമാർ വിദ്യാർഥികൾക്ക് ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

ചാലക്കുടി: നഗരസഭ നന്മലഹരി പദ്ധതിയും എക്സൈസ് വകുപ്പിന്റെ വിമുക്തി പദ്ധതിയും സംയുക്തമായി സുസുകി സുപ്രയുടെ സഹകരണത്തോടെ ലഹരി വിരുദ്ധ സന്ദേശ വിളംബര ബൈക്ക് റാലി സംഘടിപ്പിച്ചു. കലാഭവൻ മണി പാർക്കിൽ നിന്നാരംഭിച്ച റാലി തുമ്പൂർമുഴി ബട്ടർഫ്ലൈ പാർക്കിൽ സമാപിച്ചു. സനീഷ്കുമാർ ജോസഫ് എംഎൽഎ ഉദ്ഘാടനം ചെയ്തു. നഗരസഭാ ചെയർപേഴ്സൻ ആലീസ് ഷിബു അധ്യക്ഷത വഹിച്ചു. ചാലക്കുടി ഡിവൈഎസ്പി കെ.പി. ബെന്നി മുഖ്യസന്ദേശം നൽകി. തുമ്പൂർമുഴി പാർക്കിൽ അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.എസ്. സതീഷ് ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലി കൊടുത്തു.

ചാവക്കാട്: അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനാചരണത്തോടനുബന്ധിച്ച് ചാവക്കാട് പൊലീസ് സ്റ്റേഷൻ സംഘടിപ്പിച്ച പരിപാടികൾ എൻ.കെ. അക്ബർ എംഎൽഎ ഉദ്ഘാടനം ചെയ്തു. ഗുരുവായൂർ എസിപി വി. സുരേഷ് അധ്യക്ഷത വഹിച്ചു. നഗരസഭാ ചെയർമാൻ എ.എച്ച്. അക്ബർ മുഖ്യാതിഥിയായി. ചാവക്കാട് എസ്എച്ച്ഒ എൻ.എസ്. രാജീവ് ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ചാവക്കാട് താലൂക്ക് ഓഫിസ് പരിസരത്ത് നിന്നാരംഭിച്ച ലഹരിവിരുദ്ധ റാലി ഗുരുവായൂർ എസിപി ഫ്ലാഗ് ഓഫ് ചെയ്തു.

വിട പറഞ്ഞാലും ജീവിക്കും ഏഴുപേരിലൂടെ; പൊലീസ് ജീപ്പിടിച്ച് മരിച്ച ജുവിന് യാത്രാമൊഴി

ജുവിന്റെ മൃതദേഹം വീട്ടിലെത്തിച്ചപ്പോൾ വിതുമ്പുന്ന സഹോദരി ജൂനിയ

ഇരിങ്ങാലക്കുട : ആളൂരിൽ പൊലീസ് ജീപ്പിടിച്ച് പരുക്കേറ്റ് ചികിത്സയിലിരിക്കെ മരിച്ച ജുവിന് (16) കണ്ണീരോടെ നാടും കുടുംബാംഗങ്ങളും യാത്രാമൊഴി നൽകി. ഏഴു പേർക്ക് ജീവനേകി വിടവാങ്ങുന്ന ജുവിനെ അവസാനമായി ഒരു നോക്ക് കാണാനും അന്ത്യാഞ്ജലി അർപ്പിക്കാനും നൂറുക്കണക്കിനാളുകളാണെത്തിയത്.

എംഎൽഎമാരായ അഡ്വ. തോമസ് ഉണ്ണിയാടൻ, സനീഷ്കുമാർ ജോസഫ്, വിവിധ സംഘടനാ നേതാക്കൾ, സാമൂഹ്യപ്രവർത്തകർ തുടങ്ങിയവർ ജുവിന് അന്ത്യാഞ്ജലി അർപ്പിച്ചു. വിട വാങ്ങുമ്പോഴും ജുവിൻ ഏഴു പേരിലൂടെ ഇനിയും ജീവിക്കും. ജുവിന്റെ ഹൃദയം കണ്ണൂർ ജില്ലയിലെ കുറ്റൂർ കുഴിക്കാട് ചന്ദ്രശേഖരന്റെ മകൻ അശ്വന്ത് ചന്ദ്രന്റെ ശരീരത്തിൽ സ്പന്ദിക്കും. ദീർഘകാലമായി ഹൃദയമാറ്റ ശസ്ത്രക്രിയയ്ക്കായി കാത്തിരുന്ന അശ്വന്ത് ചന്ദ്രന്റെ ശസ്ത്രക്രിയ വിജയകരമായി പൂർത്തിയായതോടെ ആ കുടുംബത്തിന്റെ പ്രതീക്ഷകൾക്ക് ജീവനേകിയാണ് ജുവിന്റെ മടക്കം. ജുവിന്റെ കരൾ കൊച്ചി ആസ്റ്റർ മെഡിസിറ്റിയിലെ രോഗിക്കാണ് നൽകിയത്. ഒരു വൃക്ക ലിസി ആശുപത്രിയിലെയും മറ്റൊരു വൃക്ക കോഴിക്കോട് മെഡിക്കൽ കോളെജിലെയും രോഗികൾക്ക് പുതുജീവൻ പകർന്നു. കണ്ണിന്റെ രണ്ട് കോർണിയകൾ അങ്കമാലി ലിറ്റിൽ ഫ്ലവർ ആശുപത്രിയിലെ ഐ ബാങ്കിലേക്ക് മാറ്റി.

ജനശക്തി സംഗമം സംഘടിപ്പിച്ചു

തൃശൂർ: അടിയന്തരാവസ്ഥയുടെ 51-ാം വാർഷികത്തോടനുബന്ധിച്ച് 'സംവിധാൻ ഹത്യ ദിവസ്' ആചരിച്ച് ബിജെപി ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ജനശക്തി സംഗമം സംഘടിപ്പിച്ചു. ബിജെപി സംസ്ഥാന വക്താവ് പി.വി. ശ്രീപത്മനാഭൻ ഉദ്ഘാടനം ചെയ്തു. 1975 ജൂൺ 25ന് രാജ്യത്ത് പ്രഖ്യാപിച്ച അടിയന്തരാവസ്ഥ ഇന്ത്യൻ ജനാധിപത്യ ചരിത്രത്തിലെ ഏറ്റവും ഇരുണ്ട അധ്യായമാണ്. ഭരണഘടന ഉറപ്പുനൽകുന്ന അടിസ്ഥാന പൗരാവകാശങ്ങൾ പൂർണമായും നിഷേധിക്കപ്പെട്ട കാലഘട്ടമായിരുന്നു അത്. മാധ്യമങ്ങൾക്ക് കടുത്ത സെൻസർഷിപ്പ് ഏർപ്പെടുത്തി. പത്രസ്വാതന്ത്ര്യം ഇല്ലാതാക്കി. എതിർശബ്ദങ്ങളെ അടിച്ചമർത്താൻ മിസ, കോഫെപോസ ഉൾപ്പെടെയുള്ള കരിനിയമങ്ങൾ ദുരുപയോഗം ചെയ്തതായും ശ്രീപത്മനാഭൻ പറഞ്ഞു. ജില്ലാ പ്രസിഡന്റ് ജസ്റ്റിൻ ജേക്കബ് അധ്യക്ഷത വഹിച്ചു. മുൻ സംസ്ഥാന പ്രസിഡന്റ് കെ.വി. ശ്രീധരൻ മാസ്റ്റർ, സംസ്ഥാന വൈസ് പ്രസിഡന്റ് അഡ്വ. കെ.കെ. അനീഷ് കുമാർ, മേഖല പ്രസിഡന്റ് എ. നാഗേഷ്, ജില്ലാ ജനറൽ സെക്രട്ടറിമാരായ അഡ്വ. കെ.ആർ. ഹരി, സുജയ് സേനൻ, സംസ്ഥാന സമിതി അംഗം എം.എസ്. സമ്പൂർണ, ബിഎംഎസ് ജില്ലാ സെക്രട്ടറി എ.സി. കൃഷ്ണൻ എന്നിവർ പങ്കെടുത്തു. അടിയന്തരാവസ്ഥക്കെതിരേ നടന്ന ജനാധിപത്യ സമരത്തിൽ പങ്കെടുത്ത് ജയിലിൽ കഴിയുകയും പൊലീസ് മർദനത്തിന് ഇരയാവുകയും ചെയ്ത സി.പി. സുബ്രഹ്മണ്യൻ, ടി.എസ്. രാമകൃഷ്ണൻ, വേണുഗോപാൽ, സേതുമാധവൻ, പ്രഭാകരൻ അമ്മാത്ത്, വേണാട് മോസുദേവൻ എന്നിവരടക്കമുള്ള സമര സേനാനികളെ ആദരിച്ചു. ചികിത്സാ ധനസഹായം നൽകി രണ്ട് സമര സേനാനികൾക്ക് വീൽചെയർ കൈമാറി. ജില്ലാ വൈസ് പ്രസിഡന്റുമാരായ സുധീഷ് മേനോത്ത് പറമ്പിൽ, ഡോ. വി. ആതിര, സബീഷ് മരുതയൂർ, മേഖല വൈസ് പ്രസിഡന്റുമാരായ ബിജോയ് തോമസ്, അനീഷ് ഇയാൽ, ജില്ലാ ട്രഷറർ വിജയൻ മേപ്രത്ത് എന്നിവർ നേതൃത്വം നൽകി.

pnb Housing Finance Limited Ghar Ki Baat

അനുബന്ധം-IV-എ - ഇ-ലേലം-പബ്ലിക് സെയിൽ നോട്ടീസ്, സ്ഥാവര സ്വത്തുക്കളുടെ

ശാഖ ഓഫിസ്: ഒന്നാം നില, എമറാൾഡ് മാൾ, മാവൂർ റോഡ്, കോഴിക്കോട് - 673004, കേരളം

ലോൺ നമ്പർ	ആവശ്യപ്പെട്ട തുക & തിയതി		ജാമ്യമായി നൽകിയ വസ്തുക്കളുടെ വിവരണം	റിസർവ് തുക	ഇ-എം.ഡി	ബിഡ് സമർപ്പിക്കേണ്ട അവസാന തിയതി	ബിഡ് വർധന	പരിശോധനയുടെ തിയതി & സമയം	ലേലത്തിന്റെ തിയതി & സമയം	
HOU/CLCT/0322/970811 & NHL/CLCT/1023/1167632	Rs. 28,13,152.00 as on 07.11.2024		[illegible] 31/2, [illegible] 31/155 [illegible] കോഴിക്കോട്, കേരളം-673586	Rs. 31,25,000	Rs. 3,12,500	30.07.2026	Rs. 10,000	10.07.2026 11:00 AM to 5:00 PM	31.07.2026 2:00 PM to 3:00 PM	[illegible]

[illegible]

www.pnbhousing.com

സ്ഥലം: കോഴിക്കോട്, തിയതി: 26.06.2026

ഒപ്പ്/- അംഗീകൃത ഓഫിസർ, M/s പിഎൻബി ഹൗസിങ് ഫിനാൻസ് ലിമിറ്റഡ്

Edited, Printed and Published by Prasanth Narayanan on behalf of M/s.Vaartha News Network Pvt.Ltd., V. Reji Kumar (Executive Editor), Vol 19, Issue No. 172 RNI No. KERMAL/2009/31365, Printed at ORUMA PRINTERS & PUBLISHERS Ltd, Door No. X/536, Sreesankara Industrial Estate, Chiyyaram, Thrissur-680026 and published from Vaartha News Network Pvt.Ltd, Suncity Complex, IInd Floor, Room No. 14/488/30, P.O. Koorkanchery, Thrissur- 680007, Ph: 0487 2444489. Email: tcrbureau@metrovaartha.com